4. കുട്ടിലങ്ങാടി ആകെ 36.50 കി.മീ. എസ്.എൽ.എസ്.എസ്.സി. 2014-ൽ ഉൾപ്പെടുത്തി 6 കോടി രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്.

5. മങ്കട-ആകെ. 24.57. കി.മീ. ടെണ്ടർ ചെയ്ത. പ്രവൃത്തി ചെയ്യുവാൻ കരാറുകാരന് അനുമതി നൽകിയിട്ടുണ്ട്.

(ബി) 2015 മാർച്ചിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

അട്ടർ നിയോജക മണ്ഡലത്തിലെ പ്രധാന പാതകളുടെ വശത്തുള്ള ജലവിതരണ പൈപ്പുകൾ

208 (916) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടർ നിയോജക മണ്ഡലത്തിന്റെ പരിധിയിലുള്ള പ്രധാന പാതകളുടെ വശത്തുള്ള ജലവിതരണ പൈപ്പുകൾ നിരന്തരമായി പൊട്ടി ശുദ്ധജല വിതരണവും, ഗതാഗതവും സ്തംഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാലഹരണപ്പെട്ട പ്രസ്തുത പൈപ്പുകൾ മാറ്റി ഡക്ടയിൽ അയൺ പൈപ്പുകൾ സ്ഥാപിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ;

(സി) പുതിയ പൈപ്പുകൾ സമയബന്ധിതമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) അട്ടർ ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെട്ട 300 എം.എം എ.സി. വിതരണകുഴലുകൾ മാറ്റുന്നതിനും (കായംകുളം-പുനലൂർ റോഡ്) കൈപ്പറ്റൂർ പമ്പ് ഹൗസ് മുതൽ ചിരണിക്കൽ പ്ലാന്റുവരെ നിലവിലുള്ള 400 എം.എം. എ.സി. പൈപ്പുകൾ മാറ്റുന്നതിനുമുള്ള നിർദ്ദേശത്തിന്മേൽ ഭരണാനുമതി നൽകുന്നത് സർക്കാർ പരിഗണിച്ചുവരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കേരള വാട്ടർ അതോറിറ്റിയിലെ ഡിപ്പോസിറ്റ്

209 (917) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശ ഭരണസ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കഴിഞ്ഞ അഞ്ച് വർഷം കേരള വാട്ടർ അതോറിറ്റിയിൽ എത്ര തുക ഡിപ്പോസിറ്റായി നൽകിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ ജില്ലയിലും ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ എത്ര തുക വീതം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ ;

(സി) ഓരോ ജില്ലയിലും എത്ര പ്രോജക്ടുകൾക്കായിട്ടാണ് തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതെന്നും ഇതിൽ പൂർത്തീകരിച്ച പദ്ധതികൾ, നിർവ്വഹണത്തിലിരിക്കുന്ന പദ്ധതികൾ, നിർവ്വഹണം ആരംഭിക്കാത്ത പദ്ധതികൾ എന്നിവ എത്ര വീതമെന്ന് അറിയിക്കാമോ ;

(ഡി) തൃശ്ശൂർ ജില്ലയിൽ ഏതെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങളാണ് കേരള വാട്ടർ അതോറിറ്റിയിൽ കഴിഞ്ഞ അഞ്ച് വർഷമായി തുക ഡെപ്പോസിറ്റ് ചെയ്തതെന്നും ഇതിൽ എത്രയെണ്ണം പൂർത്തീകരിച്ചുവെന്നുമുള്ള വിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തദ്ദേശ ഭരണസ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കഴിഞ്ഞ അഞ്ച് വർഷം കേരള വാട്ടർ അതോറിറ്റിയിൽ 23774.254 ലക്ഷം രൂപ ഡെപ്പോസിറ്റായി നൽകിയിട്ടുണ്ട്.

(ബി)

(തുക ലക്ഷത്തിൽ)

ജില്ല	ജില്ലാ പഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	ഗ്രാമ പഞ്ചായത്ത്
(1)	(2)	(3)	(4)
തിരുവനന്തപുരം	97.09	144.09	1088.14
കൊല്ലം	383.77	119.61	699.18
പത്തനംതിട്ട	782.29	650.15	571.84
ആലപ്പുഴ	320.74	76.44	847.06
കോട്ടയം	244.16	97.87	505.23
ഇടുക്കി	513.75	170.84	311.61
എറണാകുളം	488.21	308.77	2338.38
തൃശ്ശൂർ	335.44	165.20	1492.05
പാലക്കാട്	1298.50	272.38	853.31

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
മലപ്പുറം	951.92	408.06	841.68
കോഴിക്കോട്	57.50	121.16	1006.67
വയനാട്	185.61	15.41	163.54
കണ്ണൂർ	43.00	34.50	276.52
കാസർഗോഡ്	172.75	35.50	520.84

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

വൻകിട ശുദ്ധജല വിതരണ പദ്ധതികൾ

210 (918) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പാലോട് രവി :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൻകിട ശുദ്ധജല വിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായി പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ആരെല്ലാമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) വൻകിട ശുദ്ധജല വിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായി പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നിലവിൽ ജിക്ക ധനസഹായത്തോടെ 5 പദ്ധതികൾ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തതിൽ ചേർത്തല പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്തു. ബാക്കിയുള്ള നാല് പദ്ധതികളായ തിരുവനന്തപുരം, മീനാട്, കോഴിക്കോട്, പട്ടുവം എന്നിവയുടെ പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ഇതിൽ തിരുവനന്തപുര, മീനാട് എന്നീ പദ്ധതികളിൽ ഭാഗികമായി ജലവിതരണം നടത്തിവരുന്നു. മേൽപ്പറഞ്ഞ നാല് പദ്ധതികൾ പൂർണ്ണമായി കമ്മീഷൻ ചെയ്യാൻ വേണ്ടി വിവിധ തലങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. മേൽപ്പറഞ്ഞ വൻകിട പദ്ധതികൾക്ക് പുറമേ കേന്ദ്ര ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly